# വിവാഹാലോചനകൾ വരാനും
# വിവാഹം ശരിയാവാനും

പിതാവോ, മാതാവോ മകനോ മകളോ ആർക്കും ചെയ്യാവുന്നതാണ്. വെള്ളിയാഴ്ച രാവ് പാതിരാവ് കഴിഞ്ഞ് എഴുന്നേറ്റ് ചുരുങ്ങിയത് രണ്ട് റക്അത്ത് തഹജ്ജുദ് നിസ്കരിക്കുക ഓരോ റക്അത്തിലും ഫാതിഹയുടെ പിറകെ സൂറത്തുൽ ഇഖ്ലാസ് മൂന്നു പ്രാവശ്യം ചൊല്ലുക. നിസ്കാര ശേഷം പുന്നാര നബിയുടെ പേരിൽ മൂന്ന് സ്വലാത്ത് ചൊല്ലുക. ശേഷം വിവാഹം ശരിയാക്കിത്തരൂ റബ്ബേ, എന്ന വിചാരത്തോടെ താഴെ കൊടുത്ത ദുആ ആയിരം തവണ ചൊല്ലുക.

يَا بَدِيعَ الْعَجَائِبِ بِالْخَيْرِ يَا بَدِيعْ

തുടർന്ന് താഴെ കാണിക്കുന്ന ദുആ പത്തു തവണ ചൊല്ലുക.

اَللَّهُمَّ اقْضِ حَاجَتِي فِي الدُّنْيَا وَالْآخِرَةِ يَا قَاضِيَ الْحَاجَاتْ يَا مُجِيبَ الدَّعَوَاتْ

ശേഷം റസൂലുല്ലാഹിയുടെ പേരിൽ സുബ്ഹി ബാങ്ക് വിളിക്കുന്നത് വരെ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. ഉത്തരം കിട്ടുമെന്ന് സംശയിക്കേണ്ടതില്ല. വിവാഹം മാത്രമല്ല എല്ലാ പ്രതിസന്ധികളും നീങ്ങും. ഉദ്ദേശിച്ചതിന് അല്ലാഹു തൗഫീഖ് ചെയ്യും.

പെൺകുട്ടികൾക്ക് വരനെ ശരിയായിക്കിട്ടാൻ സൂറത്തുത്വാഹാ വൃത്തിയുള്ള പാത്രത്തിൽ എഴുതി മായ്ച്ച് ആ വെള്ളത്തിൽ അവൾ കുളിച്ചാൽ നിശ്പ്രയാസം വരനെ ലഭിക്കുമെന്ന് യാഫിഈ(റ) രേഖപ്പെടുത്തിയിട്ടുണ്ട്.